**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **02-03-2023 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണത്തിന് കേന്ദ്രങ്ങൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പരപ്പനങ്ങാടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റികളും നന്നമ്പ്ര, എടരിക്കോട്, തെന്നല, പെരുമണ്ണക്ലാരി പഞ്ചായത്തുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പച്ചത്തേങ്ങ സംഭരണകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് അതാത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും കൃഷി ഓഫീസർമാരും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പച്ചത്തേങ്ങ സംഭരണം ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണസംഘങ്ങൾ എഫ്.പി.ഒ./അഗ്രോ സർവ്വീസ് സെന്റർ/ കർമ്മസേന തുടങ്ങിയവർ തയ്യാറായി വരുന്ന മുറയ്ക്ക് സംഭരണ കേന്ദ്രം അനുവദിക്കുന്നതാണ്. |
| (ബി) | താലൂക്ക് ആസ്ഥാനമായ തിരൂരങ്ങാടിയിൽ പച്ചത്തേങ്ങ സംഭരണ യൂണിറ്റ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. തിരൂരങ്ങാടിയിൽ പച്ചത്തേങ്ങ സംഭരണം ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണസംഘങ്ങൾ എഫ്.പി.ഒ./അഗ്രോ സർവ്വീസ് സെന്റർ/ കർമ്മസേന തുടങ്ങിയവ തയ്യാറായി വരുന്ന പക്ഷം ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഭരണ കേന്ദ്രം അനുവദിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് നിലവിൽ പച്ചത്തേങ്ങ സംഭരണ യൂണിറ്റുകൾ ആരംഭിച്ചത് ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആണെന്ന് വിശദമാക്കാമോ? | (സി) | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന തല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേര ഫെഡിനെയും, നാളികേര വികസന കോർപ്പറേഷനേയുമാണ്. നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന്, വി.എഫ്.പി.സി.കെ, അടിസ്ഥാന സൗകര്യവും താത്പര്യമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, |

| | | | |
|---|---|---|---|
| | | | മറ്റ് ഏജൻസികൾ FPO -കൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാ പത്രം ഒപ്പുവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെട്ടുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ